കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം13/3026/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 13-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.13/3026/2016 തിയ്യതി: 13 /12/2016

<u>മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-06-2016 മുതൽ 25-10-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ്

പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 26-10-2016 മുതൽ 04-11-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ദിനേശൻ എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സൽമത്ത് ടി പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.മുഹമ്മദ് അബ്ദുറഹ്മാൻ | 01.04.2015 മുതൽ 31.10.2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം (കൃഷി ഓഫീസർ, ഐ.സി.ഡി.എസ്, സെക്രട്ടറി എന്നിവർ അടങ്ങിയ ഭരണ നിർവഹണ സമിതി) | 01.11.2015 മുതൽ 18.11.2015 വരെ |
| ശ്രീമതി. ഉമ്മുകുൽസു സി. പി | 19.11.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ ജയശങ്കർ | 01.04.2015 മുതൽ 03.08.2015 വരെ |
| ശ്രീ. സുനിൽകുമാർ കെ പി | 04.08.2015 മുതൽ 28.01.2016 വരെ |
| ശ്രീ.സക്കീർ ഹുസൈൻ കെ.കെ (സെക്രട്ടറി ഇൻ ചാർജ്) | 29.01.2016 മുതൽ 31.01.2016 വരെ |
| ശ്രീ. ഖാലിദ് പി കെ | 01.02.2016 മുതൽ 15.03.2016 വരെ |
| ശ്രീ.സക്കീർ ഹുസൈൻ കെ.കെ (സെക്രട്ടറി ഇൻ ചാർജ്) | 16.03.2016 മുതൽ 31.03.2016 വരെ |

അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| ശ്രീ.സക്കീർ ഹുസൈൻ കെ.കെ | 01.04.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീമതി.നമിത ടി ജി | 01.04.2015 മുതൽ 04.07.2015 വരെ |

| | | |
|---|---|---|
| | ശ്രീ. ഷബീർ കെ | 05.07.2015 മുതൽ<br>05.08.2015 വരെ |
| | ശ്രീമതി. ആഷ വൈ.വി | 06.08.2015 മുതൽ<br>31.03.2016 വരെ |
| വി. ഇ. ഒ | ശ്രീ. റഷീദ് വി പി | 01.04.2015 മുതൽ<br>31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. കെ വി ബിനോയ് | 01.04.2015 മുതൽ<br>31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. സി മധു | 01.04.2015 മുതൽ<br>31.07.2015 വരെ |
| | ഡോ. മഹേഷ് | 01.08.2015 മുതൽ<br>31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സൈനബ കെ പി | 01.04.2015മുതൽ<br>31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. അംബിക പൊറ്റേകാട്ട് | 01.04.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി. ദീപ രവിവർമ | 01.04.2015 മുതൽ<br>31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ടി എൻ സീമ | 01.04.2015 മുതൽ<br>14.07.2015 വരെ |
| | ഡോ. ബീന പി ജി | 15.07.2015 മുതൽ<br>31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. പിഷാരടി അനിൽ നാരായണൻ | 01.04.2015 മുതൽ<br>31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |

| | | | |
|---|---|---|---|
| ഭാഗം II<br>1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14ാം വകുപ്പ് , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1) 1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | ഡി ആന്റ് ഒ ലൈസൻസ് നടപടികൾ കാര്യക്ഷമമല്ല ; ചട്ടപ്രകാരമല്ലാതെ ലൈസൻസ് വിതരണം ചെയ്യുന്നു | 2-1 | |
| 13 | റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-2 | |
| 14 | തൊഴിൽ നികുതി – സ്ഥാപന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 2-3 | |
| 15 | ഓഡിറ്റോറിയങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 | |
| 16 | രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-5 | |
| 17 | വസ്തു നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-6 | |
| 18 | പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 2-7 | |
| 19 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-8 | |
| 20 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല. | 2-9 | |
| ഭാഗം III<br>1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14ാം വകുപ്പ് , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1) 1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 20 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും - പൊതുവായ ന്യൂനതകൾ | 3-1 | |
| 21 | അസിസ്റ്റന്റ് എൻജിനീയർ - ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ന്യൂനതകൾ | 3-2 | |
| 22 | ആശാരിക്കടവ് ഇറിഗേഷൻ പ്രോജക്റ്റ് - കറന്റ് ചാർജ് കടിശ്ശികയായത് കാരണം പദ്ധതി പ്രവർത്തിക്കുന്നില്ല. | 3-3 | |
| 23 | പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം - 1,65,000രൂപ തടസ്സം ചെയ്യുന്നു | 3-4 | |
| 24 | സബ്സിഡി തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തതായുള്ള ബാങ്കുകളുടെ സാക്ഷ്യപത്രം ലഭ്യമല്ല | 3-5 | |
| 25 | പദ്ധതി ചെലവ് - ചെലവ് രേഖകൾ ലഭ്യമല്ല- 86225 രൂപ തടസ്സം ചെയ്യുന്നു | 3-6 | |
| 26 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-7 | |
| 27 | ജാമ്യ നിക്ഷേപങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല - ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പണം നഷ്ടപ്പെടുന്നു | 3-8 | |
| 28 | ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാകുന്നില്ല. | 3-9 | |
| 29 | കൂലിച്ചെലവ് ഇനത്തിൽ അനുവദനീയമായതിൽ അധികം തുക സബ്സിഡി നൽകി | 3-10 | |
| 30 | പരിരക്ഷാ ഹോം കെയർ - വാഹന വാടക ഇനത്തിൽ അധികം തുക നൽകി | 3-11 | |
| 31 | പരിരക്ഷാ ഹോം കെയർ - ഭക്ഷണച്ചെലവ് ഇനത്തിൽ അധികം തുക നൽകി | 3-12 | |
| 32 | മാനസികാരോഗ്യ പരിരക്ഷ - വാഹന വാടക ഇനത്തിൽ | 3-13 | |

| | | | |
|---|---|---|---|
| | അധികം തുക നൽകി | | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 43 | Audit Certificate | 2 | |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 46 | ബാലൻസ് ഷീറ്റ് | 5 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 27-03-2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31/07/2016 | 28/07/2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 26-10-2016 മുതൽ<br>27-10-2016 വരെ | കെ.എസ്.എ.എം.പി.എം.13/3026/16 തീയതി<br>13-12-2016 |

2015-16 വർഷത്തെ വാർഷികകണക്കിൻമേൽ അക്കൗണ്ട് സർട്ടിഫിക്കേഷന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

3. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.

7. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം എഴുതിയിട്ടില്ല.

8. ബിൽഡിംഗ് പെർമിറ്റ് ഫീ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല.

9. D & O Licence Fee രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല.

10. ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്.

11. അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്.

12. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി 250 രൂപ.

13. അക്രൂവൽ ഇനമായ Rent from lease of land -RP3 യിൽ ഉൾപ്പെടുത്തിയത് തെറ്റാണ്.

14. മരാമത്ത് പ്രവൃത്തികളിലെ പെർഫോർമെന്റ്സ് ഗ്യാരന്റിയായി (EMD, Security Deposit) ആയി ലഭിക്കുന്ന തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

15. MGNREGS ചെലവ് തുക Income & Expenditure Statement ഷെഡ്യൂൾ 1-6 ലും (9151376) ഷെഡ്യൂൾ 1-14(a) ലും (9151364) വ്യത്യാസപ്പെട്ടിരിക്കുന്നു.

16.MGNREGS വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് SFC പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം 429167 (9151376-8722209 = 429167) ബന്ധപ്പെട്ട കാഷ് ബുക്ക്, വാർഷിക റിപ്പോർട്ട് എന്നിവ പ്രകാരം യഥാർത്ഥ ചെലവ് 87,25,209 രൂപയാണ്.

17. തൊഴിൽ രഹിത വേതനം വാർഷിക കണക്കിലും വേതന രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു. (103200-97800)

18. SFC Statement ൽ പെൻഷൻ തുകകൾ മുഴുവൻ ഉൾപ്പെട്ടിട്ടില്ല. (DBT തുകകൾ) (AFS-20183700, SFC-639200)

19. SFC Statement ൽ A Fund വരവിൽ Transfer credit തുകകൾ ഉൾപ്പെട്ടിട്ടില്ല.

20. 2013-14, 2014-15 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

| | | |
|---|---|---|
| 2013-14 | LF.M16/1048/14(65) dt.28.10.14 (Q.Certificate) | ക്രമ നം 4,9 എന്നിവ പരിഹരിച്ചിട്ടില്ല. |
| 2014-15 | KSA.MPM.13/2569/15 dt.16.10.15 (Q.Certificate) | ക്രമ നം 1 മുതൽ 10 വരെ പരിഹരിച്ചിട്ടില്ല. |

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 216,07,101 |
| വരവ് | 332,49,770 |
| ആകെ | 548,56,871 |
| ചെലവ് | 427,02,405 |
| നീക്കിയിരിപ്പ് | 121,54,466 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | 19,16,880 | 80,01,007 | 99,17,887 | 99,17,887 | 55,36,487 | 0 |
| | എസ്.സി.പി. | 19,22,396 | 71,29,269 | 90,51,665 | 90,51,665 | (-)18,77,396 | 0 |
| | ടി.എസ് പി. | 0 | 33,000 | 33,000 | 33,000 | 0 | 0 |

| ഫണ്ടിനം | | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b) |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് | റോഡ് | 6,751 | 29,45,713 | 29,52,464 | 29,52,464 | 0 | 0 |
| | നോൺറോഡ് | 6,41,922 | 22,06,903 | 28,48,825 | 28,48,825 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 14,87,471 | 56,96,103 | 71,83,574 | 71,83,574 | (-)7,57,091 | 0 |
| പെർഫോമൻസ് ഗ്രാന്റ് | | 31,47,046 | 13,79,064 | 45,26,110 | 74,28,110 | (-)29,02,000 | 0 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | | 4,000 | 87,22,485 | 87,26,485 | 87,25,209 | 0 | 1276 |
| ബി ഫണ്ട് | | | 2,01,83,700 | 2,01,83,700 | 2,01,83,700 | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 4,37,92,739 | 134 | 3,35,59,878 | 23 | 5 | 83% |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം- സംക്ഷിപ്തം

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 3100000 | 6 | 2930000 | - | - | 100 |
| വെറ്ററിനറി സർജൻ | 2 | 174000 | 2 | 174000 | - | - | 100 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6 | 1376400 | 5 | 1376400 | 1 | - | 83.33 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 200000 | 1 | 200000 | - | - | 100 |
| മെഡിക്കൽ ഓഫീസർ, | 1 | 200000 | 1 | 200000 | - | - | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| ആയുർവേദം | | | | | | | |
| വി.ഇ.ഒ | 4 | 5000000 | 2 | 3740000 | 2 | - | 50 |
| ഐ.സി.ഡി.എസ് സൂപർവൈസർ | 6 | 3815875 | 6 | 3333875 | - | - | 100 |
| സെക്രട്ടറി | 15 | 2975725 | 10 | 1282905 | - | 5 | 66.66 |
| ഹെഡ് മാസ്റ്റർ | 4 | 303550 | 4 | 293650 | - | - | 100 |
| അസിസ്റ്റൻറ് എൻജിനീയർ | 112 | 228671789 | 92 | 17042048 | 20 | - | 82.14 |
| അസിസ്റ്റൻറ് സെക്രട്ടറി | 5 | 3780000 | 5 | 3037000 | - | - | 100 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+).(-) |
|---|---|---|---|---|
| നികുതി വരവുകൾ | 37,16,196 | 26,32,618 | 10,83,578 | (-) 29% |
| നികുതിയേതര വരവുകൾ | 9,42,240 | 5,55,360 | 3,38,123 | (-) 35% |
| മറ്റുവരവുകൾ | | | | |
| ആകെ | | | | |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,03,200 | 64 |
| കർഷകതൊഴിലാളി വേതനം | 14,07,000 | 295 |
| വിധവാപെൻഷൻ | 70,28,880 | 1081 |
| വാർദ്ധക്യകാല പെൻഷൻ | 87,27,600 | 1573 |
| 50 വയസ്സിന മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 551200 | 79 |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 5 | 5 | 5 | |
| 2 | കർഷകതൊഴിലാളി വേതനം | 6 | 6 | 3 | - |

| | | | | | |
|---|---|---|---|---|---|
| 3 | വിധവാപെൻഷൻ | 90 | 84 | 3 | - |
| 4 | വാർദ്ധക്യകാലപെൻഷൻ | 297 | 297 | 7 | 1 |
| 5 | വികലാംഗപെൻഷൻ | 9 | 9 | 1 | - |
| 6 | വിവാഹ ധനസഹായം | 5 | 5 | 0 | - |
| 7 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 7 | 0 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-10-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4422 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വരവിനങ്ങൾ രേഖപ്പെടുത്തുന്ന ഡിമാന്റ് രജിസ്റ്ററുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ അപൂർണമാണ്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ടി ആർ 7A കാഷ്ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ നിർവഹണ ഉദ്യോഗസ്ഥ (എച്ച് എം) എഴുതി സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ജാമ്യ നിക്ഷേപങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-10-2016 | 2016 സെപ്തംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-12-2015 മുതൽ 19-12-2015 വരെ | 2010-11 to 2014-15 | 05-02-2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് നടപടികൾ കാര്യക്ഷമമല്ല ; ചട്ടപ്രകാരമല്ലാതെ ലൈസൻസ് വിതരണം ചെയ്യുന്നു

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2015-16 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | | ആകെ |
|---|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ | |
| 60 | 4 | 141 | - | 145 | 205 |

ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം തുലോം കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട്

ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2015-16 ൽ ലൈസൻസ് പുതുക്കുന്നതിന വേണ്ടി ലഭിച്ച അപേക്ഷകളിൽ 97%വും നിശ്ചിത സമയത്തിന ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും</u>

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

<u>സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.</u>

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കുന്നുണ്ട്(66562/RC3/12/തസ്വഭവ തിയ്യതി 10.01.2013). എന്നാൽ ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ 2015-16 ൽ 233 സ്ഥാപനങ്ങൾക്ക് സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട് എന്നാൽ 2015-16ൽ ആകെ 205 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് വിതരണം ചെയ്തിട്ടുള്ളൂ. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററും സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വിതരണ രജിസ്റ്ററും ഒത്തു നോക്കി വിട്ടുപോയ 33 സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ലൈസൻസ് നൽകേണ്ടതുമാണ്.

<u>അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.</u>

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

<u>ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല</u>

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## **2-2** <u>റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 04-31/10/2016 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 9 റേഷൻകടകളുണ്ട് എന്ന വിവരം ലഭ്യമാക്കി.

റേഷൻ കടകൾ

| ക്രമ നമ്പർ | പ്രവർത്തിക്കുന്ന സ്ഥലം | ജീവനക്കാരുടെ എണ്ണം (കരാർ/ദിവസക്കൂലി ഉൾപ്പെടെ) |
|---|---|---|
| 1 | വലിയകുന്ന് (196) | 2 |
| 2 | വലിയകുന്ന് (192) | 2 |
| 3 | കൊടുമുടി (191) | 2 |
| 4 | പുറമണ്ണൂർ (70) | 2 |
| 5 | ഇരിമ്പിളിയം (195) | 2 |
| 6 | മേച്ചേരി പറമ്പ് (194) | 2 |
| 7 | മങ്കേരി (193) | 2 |
| 8 | വെണ്ടല്ലൂർ (14) | 2 |
| 9 | കോട്ടപ്പുറം (126) | 2 |

1996 ജനുവരിയിലെ ഹൈക്കോടതി ഉത്തരവിൽ റേഷൻകടകളിൽ നിന്നും D &O ലൈസൻസ് ഫീസ് (തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവയെപറ്റി പരാമർശമില്ല) ഈടാക്കുന്നതിന് കേരളാ പഞ്ചായത്ത് രാജ് ആക്ടിൽ പ്രൊവിഷൻ ഇല്ല എന്നാണുണ്ടായിരുന്നത്. എന്നാൽ ടി ഉത്തരവ് 1996 ലെ പഞ്ചായത്ത് രാജ് ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള ഉത്തരവായതിനാൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കാവുന്നതാണ്. ആയതിനാൽ അടിയന്തിരമായി 2016-17 മുതലുള്ള ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച റേഷൻകടകൾക്ക് പുറമെ മറ്റേതെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിൽ നിന്ന് കൂടി ഈടാക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ (റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിൽ) ലഭ്യമാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ കാലികമാക്കാത്തതിനാലും ഡിമാന്റ് /കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സംഗ്രഹം തയ്യാറാക്കാത്തതിനാലും തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല.

## 2-4 ഓഡിറ്റോറിയങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും സ്ഥാപനനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും വരുമാനത്തിനനുസൃതമായി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ ന | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മുന്നാസ് ഓഡിറ്റോറിയം , വലിയകുന്ന് |
| 2 | സിൽവർ പ്ലാസ ഓഡിറ്റോറിയം, വലിയകുന്ന് |

മേൽ സൂചിപ്പിച്ച വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംരഭത്തിൽ നിന്നും അർദ്ധ വാർഷിക റിട്ടേണുകൾ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും ആയതനുസരിച്ച് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച ഓഡിറ്റോറിയത്തിന് പുറമേ മറ്റേതെങ്കിലും ഓഡിറ്റോറിയം പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെയും അർദ്ധ വാർഷിക റിട്ടേണുകൾ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും ആയതനുസരിച്ച് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ എൻക്വയറി നം 05-31/10/2016 ന് സെക്രട്ടറി തുടർനടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു.

## 2-5 രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1) രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ രശീതി ബുക്കുകൾ അവയുടെ ക്രമ നമ്പർ പ്രകാരമല്ല ജീവനക്കാർക്ക് ഇഷ്യൂ ചെയ്യുന്നത്. ബന്ധപ്പെട്ട ക്ലാർക്കിന് ഇഷ്യൂ ചെയത ക്രമത്തിലാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയരിക്കുന്നത്. ഉദാഹരണം രസീതി ബുക്ക് നമ്പർ 50652,50653 എന്നിവക്ക് ശേഷം 50655, 50657 (ശ്രീ. ദീപാങ്കുരൻ പി എസ്) എന്നിവയുടെ ഇഷ്യൂ രേഖപ്പെടുത്തിയിരിക്കുന്നു.

2)രസീതി ബുക്ക് നമ്പർ 50654ൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രസീതി ബുക്ക് നമ്പർ 50657ൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതിയിട്ടുണ്ടെങ്കിലും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)സാംഖ്യ രസീതി നൽകുന്നതിന് തടസ്സം നേരിടുമ്പോൾ ഉപയോഗിക്കുന്നതിനായി ഓഫീസ് ആവശ്യത്തിനായി 13.04.2016 ന് ഇഷ്യൂ ചെയ്ത ഇന്ററപ്റ്റഡ് രശീതി ബുക്ക് നമ്പർ 50647 ഉണ്ടെന്നിരിക്കെ (ആകെയുള്ള 100 എണ്ണത്തിൽ 2 രസീതി മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്) 2015-16 സാമ്പത്തിക വർഷത്തിൽ 24.09.2016 ന് വീണ്ടും മറ്റൊരു രസീതി പുസ്തകം 50657 ഉപയോഗിച്ചത് അനവസരത്തിലായി.

4. 28.06.2016 ന് ശ്രീ റനീഷ് എന്ന സെക്ഷൻ ക്ലാർക്കിന്റെ പേരിൽ രസീതി പുസ്തകം 50647, 50648 എന്നിവ ഇഷ്യൂ ചെയതിട്ടുണ്ട്. എന്നാൽ രസീതി ബുക്ക് സ്വീകരിച്ചപ്പോൾ സെക്ഷൻ ക്ലാർക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പിട്ടിട്ടില്ല.

രസീതി ബുക്കുകളുടെ സൂക്ഷിപ്പ് 2011 ലെ കേരള പഞ്ചായത്തിരാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 82,83 പ്രകാരം ആയിരിക്കേണ്ടതാണ്.

## 2-6 വസ്തു നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2015-2016 വർഷങ്ങളിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

കുടിശ്ശിക ഡിമാന്റ് പിരിവ് ബാക്കി- 1,803,182രൂപ

തൻവർഷം ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികം) - 7,87,571 രൂപ

തൻവർഷം ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികേതരം) 977,755 രൂപ

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

ബിൽഡിംഗ് ലൈസൻസിനുള്ള അപേക്ഷ ഫ്രണ്ട് ഓഫീസിൽ ലഭിച്ചത് മുതൽ അതിന്റെ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ (തീയതി ഉൾപ്പെടെ) രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് പെർമിറ്റ് രജിസ്റ്ററിലാണ്. എന്നാൽ പഞ്ചായത്തിൽ സെക്ഷൻ സൂക്ഷിക്കുന്ന പെർമിറ്റ് രജിസ്റ്റർ അപൂർണമാണ്. മാസം തോറും നടന്നു വരുന്ന പെർഫോർമൻസ് ഓഡിറ്റ് ടീം ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതും ഫയലിന്റെ മൂവ്മെന്റ് രജിസ്റ്ററിൽ അതാത് സമയം തന്നെ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1. പെർമിറ്റ് രജിസ്റ്ററിൽ തറ വിസ്തീർണ്ണാനുപാതവും(FAR), വ്യാപ്തിയും (Coverage)രേഖപ്പെടുത്തിയിട്ടില്ല.
ആയത് (കോളം നമ്പർ 7) രേഖപ്പെടുത്തേണ്ടതാണ്.

2. രജിസ്റ്ററിൽ Application Fee, Permit Fee (കോളം നമ്പർ 8) എന്നിവ അതാത് കോളത്തിൽ തന്നെ രസീതി
നമ്പറടക്കം രേഖപ്പെടുത്തേണ്ടതാണ്

3. എൽ എസ് ജി ഡി എഞ്ചിനിയർ സെക്ഷന് പെർമിറ്റ് ഫയൽ കൈമാറുമ്പോഴും, തിരിച്ച് ലഭിക്കുമ്പോളും അതാത് കോളത്തിൽ (9,10,11) തീയതി രേഖപ്പെടുത്തേണ്ടതാണ്.

4. ക്രമവൽകൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതില്ല. ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ (റഗുലൈസേഷൻ രജിസ്റ്റർ) ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5. പൂർത്തീകരണ തീയതിയും (കോളം നമ്പർ 16) നമ്പറിംഗ് നൽകിയതിന്റെ വിശദാംശങ്ങളും (കോളം നമ്പർ 19,20) രേഖപ്പെടുത്തേണ്ടതാണ്.

6. പെർമിറ്റ് നിരസിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം (കോളം നമ്പർ 22) രേഖപ്പെടുത്തേണ്ടതാണ്.

7. സെക്രട്ടറി പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് മൊത്തത്തിൽ നിരീക്ഷിക്കേണ്ടതും ആയത് (കോളം നമ്പർ 21) ഇനീഷ്യൽ ചെയ്യേണ്ടതുമാണ്.

8.പെർമിറ്റ് രജിസ്റ്ററിന്റെ വാർഷിക സംഗ്രഹം സെക്ഷൻ തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
9. ബിൽഡിംഗ് പെർമിറ്റിന് ലഭിക്കുന്ന അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കാനുള്ള തീരുമാനവും എടുക്കേണ്ടതാണ്.

## 2-8 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്ത് ക്രമവൽകൃത രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. എന്നാൽ ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഇനത്തിൽ ₹ 71177 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും, ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോടുകൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-9 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല.

സർക്കുലർ നമ്പർ 58725/എഫ്.എം.3.2008/ തസ്വഭവ/26.5.2011 അനുസരിച്ച് തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃതബാങ്കിലോ സഹകരണബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രമായി നിക്ഷേപിക്കണം. ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകൾ കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുകയാണ്. പ്രസ്തുത നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

| Bank | A/c No | തുക | അവസാനം ഇടപാട് നടത്തിയത് |
|---|---|---|---|
| ഇരിമ്പിളിയം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3495 | 3874 | 3.9.2012 |
| ഇരിമ്പിളിയം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2030 | 3874 | 11.5.98 |
| ഇരിമ്പിളിയം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 4585 | 3874 | 16.7.14 |
| കേരള ഗ്രാമീൺ ബാങ്ക്, വലിയകുന്ന് | 6740 | 78630 | പഴയ പാസ്സ് ബുക്ക് ലഭ്യമല്ല. |
| കേരള ഗ്രാമീൺ ബാങ്ക്, വലിയകുന്ന് | 7396 | 16683 | പഴയ പാസ്സ് ബുക്ക് ലഭ്യമല്ല. |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും - പൊതുവായ ന്യൂനതകൾ

ഗ്രാമ പഞ്ചായത്ത് 2015-16 ൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പശ്ചാത്തല മേഖലയിൽ മൊത്തം 22867189 രൂപ അടങ്കൽ വരുന്ന 112 പ്രോജക്ടുകളാണ് ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്താൻ ലക്ഷ്യമിട്ടത്. പ്രസ്തുത പ്രോജക്ടുകളുടെ ആസൂത്രവും നിർവ്വഹണവും പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകളും പ്രവണതകളും താഴെ വിശകലനം ചെയ്യുന്നു.

എ) ചെറിയ അടങ്കലുള്ള പ്രവൃത്തികളുടെ ബാഹുല്യം - സ്ഥായിയായ ആസ്ഥികൾ സൃഷ്ടിക്കപ്പെടുന്നില്ല.

തൻവർഷം അംഗീകാരം വാങ്ങിയ 112 പ്രോജക്ടുകളിൽ 89 പ്രോജക്ടുകളുടെ അടങ്കലും രണ്ട് ലക്ഷം രൂപയോ അതിൽ കുറവോ അയിരുന്നു. ഇതിൽ തന്നെ 71 എണ്ണവും, റോഡ് നടപ്പാത നിർമ്മാണ/നവീകരണ പ്രോജക്ടുകളായിരുന്നു. വിശദാംശങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന പട്ടിക കാണുക.

| അടങ്കൽ | റോഡ്/നടപ്പാത | കെട്ടിടം | കുടിവെള്ളം/ജലസേചനം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 ലക്ഷം വരെ | 23 | 2 | 8 | ഇല്ല | 33 |
| 2 ലക്ഷം വരെ | 48 | 3 | 5 | ഇല്ല | 56 |
| 3 ലക്ഷം വരെ | 4 | 4 | 3 | 1 | 12 |

| | | | | | |
|---|---|---|---|---|---|
| 4 ലക്ഷം വരെ | 1 | 2 | 1 | 1 | 5 |
| 5 ലക്ഷം വരെ | 1 | ഇല്ല | ഇല്ല | ഇല്ല | 1 |
| 6 ലക്ഷം വരെയും അതിന് മുകളിലും | 2 | 2 | 1 | ഇല്ല | 5 |
| ആകെ | 79 | 13 | 18 | 2 | 112 |

ശരാശരി 50/150 മീറ്റർ നടപ്പാത നിർമ്മാണം/കോൺക്രീറ്റിങ്ങ്/ റോഡ് പ്രവൃത്തി മാത്രമാണ് രണ്ട് ലക്ഷം രൂപ അടങ്കലിൽ നിർവ്വഹിക്കാനാകുക. അതുപോലെ വളരെ പരിമിതമായ റോഡിതര പ്രവൃത്തികൾ മാത്രമേ പ്രസ്തുത അടങ്കലിൽ നിർവ്വഹിക്കാവുകയുള്ളൂ. ഇങ്ങനെ, പഞ്ചായത്തിന്റെ പശ്ചാത്തലമേഖലയെ സമഗ്രമായി പരിഗണിച്ച് ഭാവി വികസനത്തിന് ഉതകും വിധത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പകരം, ചെറിയ അടങ്കലിൽ ധാരാളം പ്രവൃത്തികൾ നിർവ്വഹിക്കുന്നത് ലഭ്യമായ വിഭവങ്ങൾ നേരിയ തോതിൽ വിന്യസിക്കപ്പെടുന്നതിനും തദ്വാരാ സ്ഥായിയായ ആസ്ഥികൾ സൃഷ്ടിക്കപ്പെടാതെ പോകുന്നതിനും ഇടയാകുന്നുണ്ട്.

ബി) പട്ടികജാതി മേഖലയിലെ 62.5% പ്രോജക്ടുകളും നിർവ്വഹിക്കപ്പെട്ടില്ല.

പട്ടികജാതി മേഖലയിൽ ആസൂത്രണം ചെയ്ത പ്രോജക്ടുകളും അവയുടെ നിർവ്വഹണവും പരിശോധിച്ചപ്പോൾ പൊതു മേഖലയെ അപേക്ഷിച്ച് പട്ടികജാതി മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം കാര്യക്ഷമമല്ല എന്ന് കണ്ടു. ഇതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| മേഖല | ആകെ പ്രോജക്ടുകൾ | നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | ശതമാനം | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| പട്ടികജാതി | 16 | 6 | 37.5 | 5092396 | 1706302 | 33.5 |
| പൊതു വിഭാഗം | 96 | 87 | 90.63 | 17774793 | 15335746 | 86 |
| ആകെ | 112 | 93 | 83 | 22867189 | 17042048 | 74.52 |

സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ഗുണപ്രദമാകുന്ന പ്രോജക്ടുകൾക്ക് അർഹിക്കുന്ന പരിഗണന കിട്ടുന്നില്ല എന്നത് തികച്ചും ഗൗരവാർഹമായ വിഷയമാണ്.

സി) ആസൂത്രണം ചെയ്ത ചില പ്രധാന പ്രോജക്ടുകൾ നിർവ്വഹിച്ചില്ല.

2015-16 വർഷത്തിൽ നിർവ്വഹിക്കാനായി ആസൂത്രണം ചെയ്ത ചില പ്രധാനപ്പെട്ട പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ പറയുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 173/16 | പറമ്പത്ത് കാവ് എസ്.സി കോളനി നവീകരണം | 495000 | ഇല്ല |
| 175/16 | പി.എച്ച്.സി കെട്ടിട നിർമ്മാണം. | 1194000 | ഇല്ല |
| 163/16 | അംഗൻവാടി കെട്ടിട നിർമ്മാണം | 1000000 | 170785 |
| 176/16 | ചോലക്കാട്ട് കോളനി കുടിവെള്ള പദ്ധതി | 495000 | ഇല്ല |
| ആകെ | | 3184000 | 170785 |

അനുയോജ്യമായ കെട്ടിടം ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് ഇപ്പോൾ പി.എച്ച്.സി പ്രവർത്തിക്കുന്നത്. എന്നിട്ടും പി.എച്ച്.സി കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പ്രോജക്ടുകൾ നിർവ്വഹിക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

ഡി) പ്രോജക്ട് നിർവ്വഹണം സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസങ്ങളിൽ കേന്ദ്രീകരിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ തൻവർഷം നിർവ്വഹണം നടത്തിയ 93 മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും നിർവ്വഹിച്ചിട്ടുള്ളത് പ്രസ്തുത സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസങ്ങളിലാണ്. മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ വിവിധ ഫണ്ടുകളുടെ 2016 ജനവരി വരെയുള്ള ചെലവിൽ നിന്നും ഇക്കാര്യം വ്യക്തമാണ്. വിശദാംശങ്ങൾ താഴ പട്ടികയിൽ പറയുന്നു. (അവലംബം: പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട്)

| ഫണ്ടിനം | 12/15 വരെയുള്ള ചെലവ് ശതമാനം | 1/16വരെയുള്ള ചെലവ് ശതമാനം |
|---|---|---|
| ജനറൽ ഫണ്ട് | 55 | 55.39 |

| | | |
|---|---|---|
| എസ്.സി.പി | 14.56 | 14.56 |
| മെയിന്റനൻസ്ഗ്രാന്റ് (റോഡ്) | ഇല്ല | ഇല്ല |
| മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം) | 13.7 | 13.7 |

ഗ്രാമ പഞ്ചായത്തിന്റെ എൻജിനീയറിംഗ് വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എൻജിനീയറും രണ്ട് ഓവർസിയർമാരും മാത്രമാണ് ഉള്ളത്. ആയതിനാൽ ഒരു വർഷം മുഴുവൻ എടുത്ത് നിർവ്വഹിക്കാൻ പദ്ധതിയിട്ട 100ൽ അധികം പ്രോജക്റ്റുകളിൽ ഭൂരിഭാഗവും വർഷാവസാനത്തിൽ കേന്ദ്രീകരിക്കുന്നത് പ്രവൃത്തികളുടെ മേൽനോട്ടം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് വിഘാതമാകും. ഇതുമൂലം പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ കഴിയാതിരിക്കുന്നതിനും സാഹചര്യമുണ്ട്

റോഡിതര പ്രോജക്റ്റുകൾക്ക് പ്രാധാന്യം ലഭിക്കുന്നില്ല

റോഡ്/നടപ്പാത നിർമ്മാണ പ്രോജക്റ്റുകൾക്ക് ലഭിക്കുന്ന പ്രാധാന്യം കെട്ടിട നിർമ്മാണം, കുടിവെള്ളം മുതലായ റോഡിതര പ്രോജക്റ്റുകൾക്ക് ലഭിക്കുന്നില്ല. മേൽ ക്രമനമ്പർ ഒന്നിൽ കൊടുത്തിട്ടുള്ള പട്ടികയിൽ നിന്നും ഇക്കാര്യം വ്യക്തമാണ്. ഗ്രാമപഞ്ചായത്തിന്റെ പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ എല്ലാ മേഖലയ്ക്കും തുല്യ പ്രാധാന്യം ലഭിക്കുന്നില്ല എന്നാണ് ഇത് കാണിക്കുന്നത്.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 4.11.16 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ (സി) യിൽ പറഞ്ഞ പ്രോജക്റ്റുകളിൽ ആദ്യ മൂന്ന് പ്രോജക്റ്റുകൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും, 176/16 നമ്പർ പ്രോജക്റ്റിനും, എസ്.സി പ്രോജക്റ്റുകളിൽപ്പെട്ട 19.85 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രോജക്റ്റുകൾക്കും 1.2.2016 ന് മാത്രമാണ് ഭരണാനുമതി ലഭ്യമായതെന്നും അതിനാലാണ് പ്രോജക്റ്റുകൾ നിർവ്വഹിക്കാനാകാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിലും ഗുണഭോക്തൃസമിതി രൂപീകരണത്തിലും വരുന്ന കാലതാമസം മൂലമാണ് പ്രോജക്റ്റ് നിർവ്വഹണം സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസങ്ങളിൽ കേന്ദ്രീകരിക്കുന്നതെന്നും അസിസ്റ്റന്റ് എൻജിനീയർ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്റ്റിന്റെ അടങ്കൽ സംബന്ധിച്ച ഓഡിറ്റ് ക്രമനമ്പർ (എ) യിലെ പരാമർശം അസിസ്റ്റന്റ് എൻജിനീയർ സ്വാഗതം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട നയപരമായ തീരുമാനം കൈക്കൊള്ളുന്നതിന് വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-2 അസിസ്റ്റന്റ് എൻജിനീയർ - ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ന്യൂനതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് നടപടി ക്രമങ്ങൾ പരിശോധിച്ചപ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിൽ താഴെ പറയുന്ന ന്യൂനതകൾ കണ്ടു.

എ) സെക്യൂരിറ്റി ഡപ്പോസിറ്റുകൾ ഫയലിൽ സൂക്ഷിക്കുന്നു

കരാറുകാർ പ്രവൃത്തികളുടെ സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിക്കുന്ന ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ അതത് പ്രവർത്തി ഫയലുകളിൽ തന്നെയാണ് സൂക്ഷിക്കുന്നത്. യഥാർത്ഥത്തിൽ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സേഫ് കസ്റ്റഡിയിലാണ് ഇവ സൂക്ഷിക്കേണ്ടത്.

ബി) നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിൽ വിഹിതം അടച്ചത് - രസീതി ലഭിച്ചിട്ടില്ല

തൻവർഷം പ്രവൃത്തി ബില്ലുകളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം ഇനത്തിൽ ഈടാക്കിയ 152299 രൂപയും ക്ഷേമ നിധിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് രസീതി ക്ഷേമനിധി അധികാരികളിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

സി) വൗച്ചറുകൾക്ക് നമ്പർ നൽകിയിട്ടില്ല.

കാഷ് ബുക്ക് പരിശോധിച്ചതിൽ എല്ലായിനം വരവുകളും ചെലവുകളും കാഷ് ബുക്കിൽ രേഖപ്പേടുത്തിയതായി കണ്ടെങ്കിലും, വൗച്ചറുകൾക്ക് വൗച്ചർ നമ്പർ നൽകിയിട്ടില്ല എന്ന് കണ്ടു. വൗച്ചറുകൾക്ക് വൗച്ചർ നമ്പർ നൽകാതിരുന്നത് വീഴ്ചയാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-3 ആശാരിക്കടവ് ഇറിഗേഷൻ പ്രോജക്റ്റ് - കറന്റ് ചാർജ് കുടിശ്ശികയായത് കാരണം പദ്ധതി പ്രവർത്തിക്കുന്നില്ല

കറന്റ് ചാർജ് അടയ്ക്കാത്തത് കാരണം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആശാരിക്കടവ് ഇറിഗേഷൻ പദ്ധതി കഴിഞ്ഞ ഏഴ് വർഷമായി പ്രവർത്തിക്കുന്നില്ലെന്ന് പഞ്ചായത്ത് ഭരണ സമിതിയുടെ 3(2)/9.4.15, 4/22.12.15 എന്നീ തീരുമാനങ്ങൾ പരിശോധിച്ചപ്പോൾ കണ്ടു. കറന്റ് ചാർജ് ഇനത്തിൽ കുടിശ്ശികയുള്ള തുക എഴുതി തള്ളുന്നതിന് സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഈ പ്രോജക്റ്റിന്റെ കറന്റ് ചാർജ് കുടിശ്ശികയാകാനിടയായ സാഹചര്യവും പ്രോജക്റ്റിന്റെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.3 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിന് 3.11.16 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ സമിതി കറന്റ് ചാർജ് അടവാക്കാതിരുന്നതിനാലാണ് ഭീമമായ തുക കുടിശ്ശിക വന്നതെന്നും, പഞ്ചായത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പ്രസ്തുത

കടിശ്ശിക അടച്ചുതീർക്കുന്നതിന് അനുവദിക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി ഇപ്പോഴും മുടങ്ങിക്കിടക്കുകയാണെന്നും സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

പൊതുപണം ഉപയോഗിച്ച് നിർമ്മിച്ച ഒരു പ്രോജക്ട് അതിന്റെ നടത്തിപ്പ് കമ്മിറ്റിയുടെ നിരുത്തരവാദപരമായ നിലപാട് മൂലം മുടങ്ങിക്കിടക്കുന്നത് പദ്ധതിക്ക് ചെലവഴിച്ച മുഴുവൻ തുകയും പാഴ്ചെലവാകുന്നതിന് ഇടയാക്കിയിട്ടുണ്ട്. ആയതിനാൽ നടത്തിപ്പ് കമ്മിറ്റിയുടെ യോഗം വിളിച്ച് ചേർത്ത് പ്രശ്നത്തിന് അടിയന്തിര പരിഹാരം കാണാൻ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 3-4 പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം - 1,65,000രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണം-ഹെഡ്മാസ്റ്റർ

പന്ത്രണ്ടാം പദ്ധതി സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലെ പൊതു നിബന്ധനകൾ 2.2 പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്. ജി ഒ (എം എസ്) 362/2013/ തസ്വഭവ തിയ്യതി 16.11.2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് മുൻഗണന നൽകേണ്ടത്. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ എസ്.എസ്.എ നടപ്പിലാക്കി വരുന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ടെങ്കിൽ ആയത് എസ്. എസ് .എ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്. (ജി ഒ (എം എസ്) 362/2013/ തസ്വഭവ തിയ്യതി 16.11.2013 പദ്ധതിആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും)

താഴെ പറയുന്ന പ്രൊജക്റ്റ് പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് ചെലവ് അനുവദിച്ചിട്ടുണ്ടെങ്കിലും സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

| പ്രോജക്ട്നം. | ചെലവ് | ബിൽ/ഡി.ഡി/ചെക്ക് |
|---|---|---|
| 17/15-16 | 187000 | 1/21.12.15 - 44000<br>3/28.1.16 - 1,43,000 |

ചെലവ് വിവരം

| ഇനം | തുക |
|---|---|
| പത്രം | 22000 |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം | 22000 |
| ദിനാചരണങ്ങൾ<br>(പ്രവേശനോത്സവം, സ്വാതന്ത്ര്യദിനാഘോഷം, ഓണാഘോഷം, ഗാന്ധി ജയന്തി) | 55000 |
| പഠനയാത്ര | 44000 |
| മരുന്ന് | 11000 |
| ശുചിത്വം | 22000 |
| കായിക പരിശീലനം (പോഷകാഹാരം നൽകിയത്) | 11000 |
| ആകെ | 1,87,000 |

പദ്ധതി മാർഗ്ഗരേഖ പ്രകാരം പഞ്ചായത്തിന് ചെലവഴിക്കാൻ വ്യവസ്ഥയില്ലാത്ത ഭക്ഷണം, സ്റ്റേഷനറി ഉടങ്ങിയവ നിർവ്വഹണം നടത്താൻ എസ്.എസ്.എ ക്ക് പ്രതിവർഷം പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിവരുന്നുണ്ട്. അതിന് പുറമേ വിദ്യാഭ്യാസ വകുപ്പ്

ഇത്തരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് തുക ചെലവഴിക്കുന്നുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് പുറമേയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കാൻ അനുമതിയുള്ളത്. ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടുകൂടി പ്രവർത്തിക്കാൻ കഴിവുള്ള അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവതി-യുവാക്കൾ എന്നിവരെ ഉപയോഗപ്പെടുത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം കോച്ചിങ് നൽകൽ, സന്നദ്ധ സേവനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പുറമേയുള്ള യോഗ്യരായ അദ്ധ്യാപകരുടെ സേവനത്തിന് പരമാവധി പ്രതിവർഷം 3000/-രൂപ നിരക്കിൽ വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 11 LP/UP സ്കൂളുകളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകിയതിന് അനുവദനിച്ചിട്ടുള്ള 22000/-കുറച്ച് 1,65,000രൂപയുടെ ചെലവ് ക്രമ പ്രകാരമല്ല. 1,65,000രൂപ തടസ്സം ചെയ്യുന്നു

## 3-5 സബ്സിഡി തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തതായുള്ള ബാങ്കുകളുടെ സാക്ഷ്യപത്രം ലഭ്യമല്ല.

നിർവ്വഹണം- അസി.സെക്രട്ടറി

താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് ബാങ്ക് വഴിയാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. എന്നാൽ അതാത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതായുള്ള ബാങ്കുകളുടെ സാക്ഷ്യപത്രം ഫയലിൽ നിന്നും ലഭ്യമല്ല.

1)ഭവന റിപ്പയർ (SC)

നം - SO26/16

| ബിൽ | തുക | ഗുണഭോക്താക്കൾ | ബാങ്ക് |
|---|---|---|---|
| 8/28.3.16 | 1,00,000 | 4 | കേരള ഗ്രാമിൺ ബാങ്ക്, വലിയകുന്ന് (3*25000)<br>SCB, ഇരിമ്പിളിയം (1*25000) |
| 6/21.3.16 | 1,50,000 | 6 | കേരള ഗ്രാമിൺ ബാങ്ക്, വലിയകുന്ന് (6*25000) |
| ആകെ | 2,50,000 | | |

2)പട്ടികജാതിക്കാരായ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

നം - SO25/16

| ബിൽ | തുക | ഗുണഭോക്താക്കൾ | ബാങ്ക് |
|---|---|---|---|
| 2/28.1.16 | 11,50,000 | 23 | കേരള ഗ്രാമിൺ ബാങ്ക്, വലിയകുന്ന് (11*50,000)<br>കാനറ ബാങ്ക്, വളാഞ്ചേരി (1*50,000) |
| 5/21.3.16 | 5,50,000 | 11 | കേരള ഗ്രാമിൺ ബാങ്ക്, വലിയകുന്ന് (9*50,000)<br>കാനറ ബാങ്ക്, വളാഞ്ചേരി (2*50,000) |
| 10/31.3.16 | 50,000 | 1 | കേരള ഗ്രാമിൺ ബാങ്ക്, വലിയകുന്ന് (1*50,000) |
| ആകെ | 17,50,000 | | |

3)പട്ടികജാതിക്കാർക്ക് ഗാർഹിക കണക്ഷൻ

നം - SO27/16

| ബിൽ | തുക | ഗുണഭോക്താക്കൾ | ബാങ്ക് |
|---|---|---|---|
| 7/21.3.16 | 45000 | 9 | കേരള ഗ്രാമിൺ ബാങ്ക്, വലിയകുന്ന് (9*5000) |
| 11/31.3.16 | 10,000 | 2 | കേരള ഗ്രാമിൺ ബാങ്ക്, വലിയകുന്ന് (2*5000) |
| 9/28.3.16 | 5000 | 1 | SBI, വളാഞ്ചേരി (1*5000) |
| ആകെ | 60,000 | | |

ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തതായുള്ള ബാങ്കുകളുടെ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവു തുക 20,60,000 രൂപ തടസ്സം ചെയ്യുന്നു.

## 3-6 പദ്ധതി ചെലവ് - ചെലവ് രേഖകൾ ലഭ്യമല്ല- 86225 രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണം- സെക്രട്ടറി

താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 86225 രൂപ തടസ്സം ചെയ്യുന്നു.

| പ്രൊജക്ട് | ബിൽ | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|
| 22/16<br>അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി | 11497662/31.3.16 | 30,000 | 10 ഇൻസ്ട്രക്ടർമാർക്ക് വേതനം അനുവദിച്ചതിന്റെ കൈപ്പറ്റ് രസീത് |
| 177/16<br>IKM ന് വിഹിതം | 27/30.3.16 | 23225 | കൈപ്പറ്റ് രസീത് |
| 151/16<br>പട്ടിക വർഗ്ഗ ഉപസമിതി ഫണ്ട് തിരിച്ചടവ് | 24/29.3.16 | 33000 | ഒറിജിനൽ ചെലാൻ |
| ആകെ | | 86225 | |

## 3-7 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 6,00,000 എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ (15/16) | ₹ 6,00,000 | 22/29.03.2016 |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്.

2) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

പ്രൊജക്ട് ഓഫീസറുടെ വർക്ക്പ്ലാൻ പ്രകാരമുള്ള ഓരോ ഇനങ്ങളുടെയും വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ₹ 6,00,000 ചെലവു തടസ്സം ചെയ്യുന്നു.

## 3-8 ജാമ്യ നിക്ഷേപങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല - ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പണം നഷ്ടപ്പെടുന്നു

ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ ജാമ്യ നിക്ഷേപമായി ലഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ എല്ലാം തന്നെ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. മാരാമത്ത് പ്രവൃത്തികൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ നിക്ഷേപങ്ങളും പഞ്ചായത്തിന്റെ ബാധ്യതയാണ്. ആകയാൽ അവ എല്ലാം തന്നെ കണക്കിൽപെടുത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തണം. അല്ലാത്തപക്ഷം വാർഷിക കണക്ക് അപൂർണ്ണമായിരിക്കും. മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ കണക്കു വക്കാതെ ഫയലിൽ സൂക്ഷിക്കുമ്പോൾ അവയുടെ ബാധ്യത കണക്ക് രേഖപ്പെടുത്താതെ പോകുന്നു. നിക്ഷേപങ്ങൾ കാലാഹരണപ്പെടുമ്പോൾ അവ പഞ്ചായത്തിന്റെ വരുമാനമാക്കി മാറ്റി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ (തനത് ഫണ്ട്) വരവ് വക്കേണ്ടതാണ്. എന്നാൽ സ്ഥിര നിക്ഷേപ രസീതികൾ ഫയലിൽ സൂക്ഷിക്കുന്നതിനാൽ കാലഹരണപ്പെട്ടവ കണ്ടെത്തുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും കഴിയില്ല. ഇത് ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട

പണം നഷ്ടമാകുന്നതിന് ഇടവരുത്തുന്നു. ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതും ഫയലിൽ സൂക്ഷിച്ചതുമായ എല്ലാ സ്ഥിര നിക്ഷേപ രസീതികളുടേയും കണക്കെടുത്ത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രത്യേകം സൂക്ഷിക്കേണ്ടതും വാർഷിക കണക്കിൽ ഉൾപ്പെടുത്തി വാർഷിക കണക്ക് കുറ്റമറ്റതാക്കേണ്ടതുമാണ്.

## 3-9 ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാകുന്നില്ല

സമൂഹത്തിലെ നിരാശ്രരായ അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് ആശ്രയ. ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് വളരെ വൈകി 2014 ൽ മാത്രമാണ് ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2007-08 വർഷത്തിൽ പഞ്ചായത്ത് ആശ്രയ പദ്ധതിക്ക് വേണ്ടി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സർവേ നടത്തുകയും അപേക്ഷ സ്വീകരിക്കുകയും ചെയ്തിരുന്നു എന്നാൽ തുടർ പ്രവർത്തനങ്ങൾ നടത്താത്തതിനാൽ പദ്ധതി മുന്നോട്ട് പോയില്ല. പിന്നീട് 2012-15 കാലയളവിലേക്കായി അംഗീകാരം നേടിയ പദ്ധതിയിൽ 295 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. (കുടുംബങ്ങളുടെ എണ്ണം 104). പദ്ധതി കാലയളവ് നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് വേണ്ടി 2017 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി പ്ളാൻ ഫണ്ടിൽ നിന്നും 11,22,267 രൂപയും ചലഞ്ച് ഫണ്ടിൽ നിന്നും 560867 രൂപയും മാത്രമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. 75,98,600 രൂപ അടങ്കലുള്ള പദ്ധതിക്ക് ഇതുവരെ 11,22,267 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. കേരള ഗ്രാമിൻ ബാങ്കിന്റെ 8941-ാം നം. അക്കൗണ്ടിൽ നിലവിൽ 5,10,227 രൂപ (പ്ളാൻ ഫണ്ട് വിഹിതം) നീക്കിയിരിപ്പുണ്ട്. പദ്ധതി നടത്തിപ്പിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്ന് താഴെ പറയുന്ന കണക്കുകൾ വ്യക്തമാക്കുന്നു.

| ഇനം | എണ്ണം | ഗുണം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| പ്രൊജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 08 | 02 |
| സ്ഥലം ആവശ്യമുള്ളവർ | 02 | 02 |
| കക്കൂസ് ആവശ്യമുള്ളവർ | 34 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 27 | 0 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 56 | 05 |
| കറന്റ് ആവശ്യമുള്ളവർ | 09 | 0 |

ജി.ഒ. (എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം ആശ്രയ നിർവഹണം സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2-ൽ ഭക്ഷണം സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) 65 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ അഗതികൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം ഭക്ഷ്യധാന്യം സൗജന്യമായി നൽകണം.

2)കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. അതിന്റെ വില ആശ്രയഫണ്ടിൽനിന്നും റേഷൻകടകൾക്ക് നേരിട്ട് നൽകണം.

3) NREGS/SGRY പോലുള്ള തൊഴിൽദാന പരിപാടികളിൽ അഗതികളെ പ്രത്യേക പരിഗണന നൽകി പങ്കെടുപ്പിക്കണം.

4) ഭക്ഷണം പാകം ചെയ്യാൻ കഴിയുന്ന ഒരാൾപോലും കുടുംബത്തിൽ ഇല്ലാത്ത അഗതികൾക്ക് അംഗൻവാടികളിലൂടെ പാകംചെയ്ത ഭക്ഷണം നൽകണം. ഈ ചുമതല കുടുംബശ്രീയെ ഏൽപ്പിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ചെറുപയർ, പരിപ്പ്, കടല, അവിൽ, പഞ്ചസാര, ചായപ്പൊടി, ആട്ട, കറിമസാലപ്പൊടികൾ, മുതിര, റവ തുടങ്ങിയവ ഉൾക്കൊള്ളുന്ന കിറ്റുകൾ മാവേലി സ്റ്റോറിൽ നിന്നും ഗ്രാമ പഞ്ചായത്ത് അനുവദിച്ച തിരിച്ചറിയൽ കാർഡ് പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണ് ചെയ്തത്. ഇതിനായി 2015-2016-ൽ 392400 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭക്ഷണ കിറ്റുകൾക്ക് വേണ്ടിയാണ് പദ്ധതിയിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത് (8,95,500 രൂപ) കൂടാതെ വീട് റിപ്പയറിന് 75000, ഭൂമി വാങ്ങൽ 2,40,000, കക്കൂസ് 8000 എന്നിങ്ങനെ വളരെ കറച്ച ചെലവുകളേ പദ്ധതിയിൽ വന്നിട്ടുള്ളൂ. ഗ്രാമ പഞ്ചായത്ത് നടപ്പാക്കുന്ന മറ്റ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ആശ്രയ പദ്ധതിയുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-10 കൂലിച്ചെലവ് ഇനത്തിൽ അനുവദനീയമായതിൽ അധികം തുക സബ്സിഡി നൽകി

പ്രൊജക്ട് :"പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി"

പ്രൊജക്ട് നമ്പർ : S002/16

ഫണ്ട് : വികസന ഫണ്ട്(ജനറൽ)

നിർവ്വഹണം : കൃഷി ഓഫീസർ

2015-16 വർഷത്തിൽ നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 51 ഗുണഭോക്താക്കൾക്കായി 3 ഹെക്ടർ പ്രദേശത്ത് പച്ചക്കറി കൃഷി ചെയ്യതിനുള്ള കൂലിച്ചെലവ് ഇനത്തിൽ 45,000 രൂപ നൽകിയിട്ടുണ്ട് (Try.Bill No/Date:3/15-16,22-2-16).

12ാം പഞ്ചവത്സര പദ്ധതിയിൽ 2014-15, 2015-16 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗരേഖ, GO(MS)362/13/LSGD, തീ: 16-11-13ലെ ഖണ്ഡിക 3(1)6 പ്രകാരം ജനറൽ/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെട്ടവർക്ക് :"പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് " ഇനത്തിൽ നൽകാവുന്ന ധനസഹായം ഒരു ഹെക്ടറിന് പരമാവധി 10,000 രൂപയാണ്. ആയത് പ്രകാരം 3 ഹെക്ടറിന് പരമാവധി 30,000 രൂപ മാത്രമേ അനുവദിക്കാവൂ. എന്നാൽ മേൽ പരാമർശിച്ച പ്രകാരം 2015-16 വർഷത്തിൽ 45,000 രൂപ നൽകിയതിലൂടെ 15,000 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീ: 2/27-10-16), കമ്പ്യൂട്ടറിൽ എക്സൽ ഷീറ്റിൽ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയതിൽ വന്ന അബദ്ധം മൂലമാണ് 3 ഹെക്ടർ എന്ന് വന്നതെന്നും യഥാർത്ഥത്തിൽ 4.5 ഹെക്ടർ പ്രദേശത്ത് കൃഷി ചെയ്തിട്ടുണ്ടെന്നും കൃഷി ഓഫീസർ മറുപടി (തീ: 27-10-16) നൽകുകയുണ്ടായി. അപ്രകാരമായിരുന്നു എങ്കിൽ പ്രസ്തുത ഗുണഭോക്താക്കളുടെ അപേക്ഷയിലും ബന്ധപ്പെട്ട വൗച്ചറുകളിലും ആകെ വിസ്തീർണ്ണം 3 ഹെക്ടർ എന്നതിന് പകരം 4.5 ഹെക്ടർ എന്നാണ് ഉണ്ടാവേണ്ടിയിരുന്നത്. കൂടാതെ പ്രസ്തുത ഗുണഭോക്താക്കൾ കൃഷി ചെയ്ത് ഭൗതികമായി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് കൃഷി ഓഫീസർ മേൽ ചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ ചെലവ് പത്രികയിൽ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ടി അവസരത്തിലും മേൽ പരാമർശിച്ച പ്രകാരമുള്ള മറുപടിയെ സാധൂകരിക്കുന്ന തിരുത്തലുകൾ പ്രസ്തുത രേഖകളിൽ വരുത്തിയിട്ടുമില്ല. കൂടാതെ, ഒന്നോ രണ്ടോ ഗുണഭോക്താക്കളുടെ മാത്രം കൃഷിഭൂമിയുടെ അല്ല, ആകെയുള്ള 51 ഗുണഭോക്താക്കളുടെയും കൃഷഭൂമിയുടെ വിസ്തീർണ്ണം ബന്ധപ്പെട്ട എല്ലാ രേഖകളിലും അബദ്ധം മൂലം തെറ്റായി രേഖപ്പെടുത്തപ്പെട്ടു എന്ന് വരാനും സാധ്യതയില്ല. ആയതിനാൽ തന്നെ ടി ന്യൂനത ഓഡിറ്റിൽ ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ ഡാറ്റാ എൻട്രി മിസ്റ്റേക്ക് എന്ന് നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി അനുവദിച്ച 15,000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-11 പരിരക്ഷാ ഹോം കെയർ -വാഹന വാടക ഇനത്തിൽ അധികം തുക നൽകി

പ്രൊജക്ട് : "പരിരക്ഷാ പാലിയേറ്റീവ് കെയർ"

പ്രൊജക്ട് നമ്പർ : SOO 49/16

ഫണ്ട് : വികസന ഫണ്ട്(ജനറൽ)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(ആരോഗ്യം)

മേൽ പ്രൊജക്ട് പ്രകാരം തൻ വർഷത്തിൽ 104 ദിവസം വാഹനം ഓടിയതിന്റെ വാടക ഇനത്തിൽ 1,04,000 രൂപ (@1000/month) 2015-16 വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട് (Try.Bill Nos.7,12,14,20). ടി തുക മേൽ ആവശ്യത്തിനായി ഉപയോഗിച്ച സ്വകാര്യ വാഹനത്തിന്റെ (No.KL 9A 8239) ഉടമസ്ഥനും ഡ്രൈവറുമായ ശ്രീ ഹബീബിന് പണമായിട്ടാണ് നൽകിയിട്ടുള്ളത്. പരിരക്ഷാ പ്രൊജക്ടിന്റെ ഗുണഭോക്താക്കളുടെ വീട്ടുകളിൽ സന്ദർശനം നടത്തിയതിന്റെ സന്ദർശന രജിസ്റ്റർ (പരിരക്ഷാ നഴ്സ് ഹാജരാക്കിയത്) പരിശോധിച്ചതിൽ തൻ വർഷത്തിൽ 1-4-15 മുതൽ 26-3-16 വരെ ആകെ 82 ദിവസങ്ങൾ മാത്രമാണ് സന്ദർശനം നടത്തിയിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ അത്രയും ദിവസങ്ങൾക്ക് മാത്രമേ വാഹന വാടക നൽകാവൂ എന്നിരിക്കെ 22 ദിവസങ്ങൾക്ക് അധികമായി വാടക നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ, തീയതി | നൽകിയ തുക | തുക നൽകിയ ദിവസങ്ങൾ | യഥാർത്ഥ സന്ദർശന ദിവസങ്ങൾ | തുക നൽകിയതിൽ സന്ദർശനം നടത്താത്ത ദിവസങ്ങൾ | സന്ദർശനം നടത്തിയെങ്കിലും തുക നൽകാത്ത ദിവസങ്ങൾ | വാടക അധികമായി നൽകിയ ദിവസങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 7/15-16,30-7-15 | 24,000 രൂപ | 1-4-15, 4-4-15, 9-4-15, 10-4-15, 16-4-15, 18-4-15, 22-4-15, 25-4-15<br>ആകെ= 8ദിവസങ്ങൾ | 1-4-15, 4-4-15, 9-4-15, 16-4-15, 18-4-15, 22-4-15, 25-4-15<br>ആകെ= 7ദിവസങ്ങൾ | 10-4-15 | ഇല്ല | 3 |
| | | 2-5-15, 6-5-15, 8-5-15, 13-5-15, 19-5-15, 20-5-15, 23-5-15, 27-5-15<br>ആകെ= 8ദിവസങ്ങൾ | 2-5-15, 6-5-15, 13-5-15, 19-5-15, 20-5-15, 23-5-15, 27-5-15<br>ആകെ= 7ദിവസങ്ങൾ | 8-5-15 | | |

| | | | | | | |
|---|---|---|---|---|---|---|
| | | 3-6-15, 6-6-15, 10-6-15, 12-6-15, 17-6-15, 20-6-15, 24-6-15, 27-6-15<br>ആകെ= 8ദിവസങ്ങൾ | 3-6-15, 6-6-15, 10-6-15, 17-6-15, 20-6-15, 24-6-15, 27-6-15<br>ആകെ= 7ദിവസങ്ങൾ | 12-6-15 | | |
| 12/15-16, 29-10-15 | 24,000 രൂപ | 1-7-15, 4-7-15, 8-7-15, 10-7-15, 15-7-15, 22-7-15, 25-7-15, 29-7-15<br>ആകെ= 8ദിവസങ്ങൾ | 1-7-15, 4-7-15, 9-7-15, 15-7-15, 16-7-15, 22-7-15, 25-7-15,<br>ആകെ= 7ദിവസങ്ങൾ | 8-7-15, 10-7-15, 29-7-15<br>ആകെ = 3 ദിവസങ്ങൾ | 9-7-15, 16-7-15<br>ആകെ= 2 ദിവസങ്ങൾ | 3 |
| | | 1-8-15, 5-8-15, 8-8-15, 12-8-15, 13-8-15, 19-8-15, 22-8-15, 26-8-15<br>ആകെ= 8ദിവസങ്ങൾ | 1-8-15, 5-8-15, 11-8-15, 18-8-15, 19-8-15, 22-8-15, 26-8-15<br>ആകെ= 7ദിവസങ്ങൾ | 8-8-15, 12-8-15, 13-8-15<br>ആകെ = 3 ദിവസങ്ങൾ | 11-8-15, 18-8-15<br>ആകെ= 2 ദിവസങ്ങൾ | |
| | | 2-9-15, 4-9-15,9-9-15, 12-9-15, 16-9-15, 19-9-15, 23-9-15, 26-9-15<br>ആകെ= 8ദിവസങ്ങൾ | 3-9-15,9-9-15, 14-9-15, 16-9-15, 19-9-15, 23-9-15 ,26-9-15<br>ആകെ= 7ദിവസങ്ങൾ | 2-9-15, 4-9-15, 12-9-15<br>ആകെ = 3 ദിവസങ്ങൾ | 3-9-15, 14-9-15<br>ആകെ= 2 ദിവസങ്ങൾ | |
| 14/15-16,27-1-16 | 24,000 രൂപ | 1-10-15, 8-10-15, 14-10-15, 16-10-15, 17-10-15, 19-10-15, 21-10-15, 24-10-15<br>ആകെ= 8ദിവസങ്ങൾ | 1-10-15, 8-10-15, 14-10-15, 17-10-15, 21-10-15, 29-10-15<br>ആകെ= 6ദിവസങ്ങൾ | 16-10-15,19-10-15, 24-10-15<br>ആകെ =3 ദിവസങ്ങൾ | 29-10-15 | 4 |
| | | 4-11-15, 11-11-15, 14-11-15, 18-11-15, 19-11-15, 21-11-15, 25-11-15, 28-11-15<br>ആകെ= 8ദിവസങ്ങൾ | 4-11-15, 14-11-15, 18-11-15, 19-11-15, 21-11-15, 25-11-15, 28-11-15<br>ആകെ= 7ദിവസങ്ങൾ | 11-11-15 | ഇല്ല | |

| | | | | | | |
|---|---|---|---|---|---|---|
| | | 2-12-15, 5-12-15, 10-12-15, 12-12-15,16-12-15,19-12-15, 23-12-15, 26-12-15<br>ആകെ= 8ദിവസങ്ങൾ | 2-12-15, 5-12-15, 10-12-15,16-12-15, 19-12-15, 23-12-15, 26-12-15<br>ആകെ= 7ദിവസങ്ങൾ | 12-11-15 | ഇല്ല | |
| 20/15-16, 30-3-16 | 32,000രൂപ | 5-1-16, 7-1-16, 13-1-16, 16-1-16, 20-1-16, 23-1-16, 27-1-16, 29-1-16<br>ആകെ 8 ദിവസങ്ങൾ | 6-1-16, 7-1-16, 13-1-16, 22-1-16, 23-1-16, 27-1-16<br>ആകെ 6 ദിവസങ്ങൾ | 5-1-16, 6-1-16, 20-1-16, 29-1-16<br>ആകെ 4 ദിവസങ്ങൾ | 6-1-16,<br>22-1-16<br>ആകെ 2 ദിവസങ്ങൾ | 12<br>12 |
| | | 3-2-16, 6-2-16, 10-2-16, 12-2-16, 17-2-16, 20-2-16, 24-2-16, 27-2-16<br>ആകെ 8 ദിവസങ്ങൾ | 3-2-16, 6-2-16, 9-2-16, 17-2-16, 20-2-16, 24-2-16, 28-2-16<br>ആകെ 7 ദിവസങ്ങൾ | 10-2-16, 12-2-16, 27-2-16<br>ആകെ 3ദിവസങ്ങൾ | 9-2-16,<br>28-2-16<br>ആകെ 2 ദിവസങ്ങൾ | |
| | | 2-3-16, 5-3-16, 9-3-16, 11-3-16, 16-3-16, 19-3-16, 23-3-16, 26-3-16<br>ആകെ 8 ദിവസങ്ങൾ | 2-3-16, 9-3-16, 11-3-16, 16-3-16, 19-3-16, 23-3-16, 26-3-16<br>ആകെ 7 ദിവസങ്ങൾ | 5-3-16 | ഇല്ല | |
| | | 28-4-15, 28-5-15, 17-7-15, 17-8-15, 29-9-15, 3-10-15, 29-12-15, 1-1-16<br>ആകെ 8 ദിവസങ്ങൾ | - | 28-4-15, 28-5-15, 17-7-15, 17-8-15, 29-9-15, 3-10-15, 29-12-15, 1-1-16<br>ആകെ 8 ദിവസങ്ങൾ | ഇല്ല | |

ആകെ അധികംനൽകിയദിവസങ്ങൾ = 3+3+4+12 = 22

1000 രൂപ നിരക്കിൽ ആകെ അധികം നൽകിയ തുക= 22x1000 = 22,000രൂപ.

ഇപ്രകാരം യഥാർത്ഥത്തിൽ സന്ദർശനം നടത്തിയ 82 ദിവസങ്ങൾക്ക് പുറമെ നല്കിയ 22 ദിവസങ്ങളുടെ വാഹന വാടക, 22,000 രൂപ, ബന്ധപ്പെട്ട രേഖകൾ പരിശോധിക്കാതെ തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## **3-12** <u>പരിരക്ഷാ ഹോം കെയർ - ഭക്ഷണച്ചെലവ് ഇനത്തിൽ അധികം തുക നൽകി</u>

പ്രൊജക്റ്റ് : "പരിരക്ഷാ പാലിയേറ്റീവ് കെയർ"

പ്രൊജക്റ്റ് നമ്പർ : SOO 49/16

ഫണ്ട് : വികസന ഫണ്ട്(ജനറൽ)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(ആരോഗ്യം)

മേൽ പ്രൊജക്റ്റ് പ്രകാരം തൻ വർഷത്തിൽ 116 ദിവസം ഹോംകെയർ നടത്തിയ ടീമംഗങ്ങൾക്കുള്ള ഭക്ഷണച്ചെലവ് ഇനത്തിൽ 34,800 രൂപ ( @ 300/month) 2015-16വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട് (Try.Bill Nos.7,12,14,20). പരിരക്ഷാ പ്രൊജക്ടിന്റെ ഉണഭോക്താക്കളുടെ വീട്ടുകളിൽ സന്ദർശനം നടത്തിയതിന്റെ സന്ദർശന രജിസ്റ്റർ (പരിരക്ഷാ നഴ്സ് ഹാജരാക്കിയത്) പരിശോധിച്ചതിൽ തൻ വർഷത്തിൽ 1-4-15 മുതൽ 26-3-16 വരെ ആകെ 82ദിവസങ്ങൾ മാത്രമാണ് സന്ദർശനം നടത്തിയിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ അത്രയും ദിവസങ്ങൾക്ക് മാത്രമേ ഭക്ഷണച്ചെലവ് നലകാവൂ എന്നിരിക്കെ 34 ദിവസങ്ങൾക്ക് അധികം തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ, തീയതി | നൽകിയ തുക | തുക നൽകിയ ദിവസങ്ങൾ | യഥാർത്ഥ സന്ദർശന ദിവസങ്ങൾ | തുക നൽകിയതിൽ സന്ദർശനം നടത്താത്ത ദിവസങ്ങൾ | സന്ദർശനം നടത്തിയെങ്കിലും തുക നൽകാത്ത ദിവസങ്ങൾ | വാടക അധികമായി നൽകിയ ദിവസങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 7/15-16,30-7-15 | 24,000 രൂപ | 1-4-15,4-4-15, 9-4-15, 10-4-15, 16-4-15, 18-4-15, 22-4-15, 25-4-15, 29-4-15<br>ആകെ= 9ദിവസങ്ങൾ | 1-4-15,4-4-15, 9-4-15, 16-4-15, 18-4-15, 22-4-15, 25-4-15<br>ആകെ= 7ദിവസങ്ങൾ | 10-4-15,29-4-15<br>ആകെ= 2ദിവസങ്ങൾ | ഇല്ല, | 6 |
| | | 2-5-15,6-5-15, 8-5-15, 13-5-15, 19-5-15, 20-5-15, 23-5-15, 27-5-15, 30-5-15<br>ആകെ= 9ദിവസങ്ങൾ | 2-5-15,6-5-15, 13-5-15, 19-5-15, 20-5-15, 23-5-15, 27-5-15<br>ആകെ= 7ദിവസങ്ങൾ | 8-5-15,<br>30-5-15<br>ആകെ= 2ദിവസങ്ങൾ | | |
| | | 3-6-15, 6-6-15, 10-6-15, 12-6-15, 17-6-15, 20-6-15, 24-6-15, 27-6-15, 30-6-15<br>ആകെ= 9ദിവസങ്ങൾ | 3-6-15, 6-6-15, 10-6-15, 17-6-15, 20-6-15, 24-6-15, 27-6-15<br>ആകെ= 7ദിവസങ്ങൾ | 12-6-15,<br>30-6-15<br>ആകെ= 2ദിവസങ്ങൾ | | |
| 12/15-16,<br>29-10-15 | 24,000 രൂപ | 1-7-15, 4-7-15, 8-7-15, 10-7-15, 15-7-15, 22-7-15, 25-7-15, 29-7-15, 31-7-15<br>ആകെ= 9ദിവസങ്ങൾ | 1-7-15, 4-7-15, 9-7-15, 15-7-15, 16-7-15, 22-7-15, 25-7-15,<br>ആകെ= 7ദിവസങ്ങൾ | 8-7-15, 10-7-15, 29-7-15, 31-7-15<br>ആകെ =4 ദിവസങ്ങൾ | 9-7-15, 16-7-15<br>ആകെ= 2 ദിവസങ്ങൾ | 6 |
| | | 1-8-15, 5-8-15, 8-8-15, 12-8-15, 13-8-15, 19-8-15, 22-8-15, 26-8-15, 31-8-15<br>ആകെ= 9ദിവസങ്ങൾ | 1-8-15, 5-8-15, 11-8-15, 18-8-15, 19-8-15, 22-8-15, 26-8-15<br>ആകെ= 7ദിവസങ്ങൾ | 8-8-15,12-8-15, 13-8-15, 31-8-15<br>ആകെ = 4 ദിവസങ്ങൾ | 11-8-15, 18-8-15<br>ആകെ= 2 ദിവസങ്ങൾ | |
| | | 2-9-15, 4-9-15, 9-9-15, 12-9-15, 16-9-15, 19-9-15, 23-9-15 ,26-9-15 , 30-9-15<br>ആകെ= 9ദിവസങ്ങൾ | 3-9-15,9-9-15, 14-9-15, 16-9-15, 19-9-15, 23-9-15 , 26-9-15<br>ആകെ= 7ദിവസങ്ങൾ | 2-9-15, 4-9-15, 12-9-15, 30-9-15<br>ആകെ = 4 ദിവസങ്ങൾ | 3-9-15,14-9-15<br>ആകെ= 2 ദിവസങ്ങൾ | |
| 14/15-16,27-1-16 | 24,000 രൂപ | 1-10-15, 8-10-15, 14-10-15, 16-10-15, 17-10-15, 19-10-15, 21-10-15, 24-10-15, 31-10-15<br>ആകെ= 9ദിവസങ്ങൾ | 1-10-15, 8-10-15, 14-10-15, 17-10-15, 21-10-15, 29-10-15<br>ആകെ= 6ദിവസങ്ങൾ | 16-10-15,19-10-15, 24-10-15,31-10-15<br>ആകെ =4ദിവസങ്ങൾ | 29-10-15 | 7 |
| | | 4-11-15, 11-11-15, 14-11-15, 18-11-15, 19-11-15, 21-11-15, 25-11-15,28-11-15 , 30-11-15<br>ആകെ= 9ദിവസങ്ങൾ | 4-11-15, 14-11-15, 18-11-15, 19-11-15, 21-11-15, 25-11-15, 28-11-15<br>ആകെ= 7ദിവസങ്ങൾ | 11-11-15,30-11-15<br>ആകെ = 2 ദിവസങ്ങൾ | ഇല്ല | |

| | | | | | | |
|---|---|---|---|---|---|---|
| | | 2-12-15, 5-12-15, 10-12-15, 12-12-15,16-12-15, 19-12-15, 23-12-15, 26-12-15 ,30-12-16<br>ആകെ= 9ദിവസങ്ങൾ | 2-12-15, 5-12-15, 10-12-15,16-12-15, 19-12-15, 23-12-15, 26-12-15<br>ആകെ= 7ദിവസങ്ങൾ | 12-12-15,30-12-15<br>ആകെ = 2 ദിവസങ്ങൾ | ഇല്ല | |
| 20/15-16, 30-3-16 | 32,000രൂപ | 5-1-16, 7-1-16, 13-1-16, 16-1-16, 20-1-16, 23-1-16, 27-1-16, 29-1-16,30-1-16<br>ആകെ 9 ദിവസങ്ങൾ | 6-1-16, 7-1-16,13-1-16, 22-1-16, 23-1-16,27-1-16<br>ആകെ 6 ദിവസങ്ങൾ | 5-1-16,6-1-16, 20-1-16,29-1-16, 30-1-16<br>ആകെ 5 ദിവസങ്ങൾ | 6-1-16,<br>22-1-16<br>ആകെ = 2 ദിവസങ്ങൾ | 15 |
| | | 3-2-16, 6-2-16, 10-2-16, 12-2-16, 17-2-16, 20-2-16, 24-2-16, 27-2-16 ,29-2-16<br>ആകെ 9 ദിവസങ്ങൾ | 3-2-16, 6-2-16, 9-2-16, 17-2-16, 20-2-16, 24-2-16, 28-2-16<br>ആകെ 7 ദിവസങ്ങൾ | 10-2-16,12-2-16, 27-2-16,29-2-16<br>ആകെ 4ദിവസങ്ങൾ | 9-2-16,<br>28-2-16ആകെ = 2 ദിവസങ്ങൾ | |
| | | 2-3-16, 5-3-16, 9-3-16, 11-3-16, 16-3-16, 19-3-16, 23-3-16, 26-3-16 ,30-3-16<br>ആകെ 9 ദിവസങ്ങൾ | 2-3-16, 9-3-16, 11-3-16, 16-3-16, 19-3-16, 23-3-16, 26-3-16<br>ആകെ 7 ദിവസങ്ങൾ | 5-3-16,30-3-16<br>ആകെ ദിവസങ്ങൾ = 2 | ഇല്ല | |
| | | 28-4-15, 28-5-15, 17-7-15, 17-8-15, 29-9-15, 3-10-15, 29-12-15, 1-1-16<br>ആകെ 8 ദിവസങ്ങൾ | | 28-4-15, 28-5-15, 17-7-15, 17-8-15, 29-9-15, 3-10-15, 29-12-15, 1-1-16<br>ആകെ 8 ദിവസങ്ങൾ | ഇല്ല | |

ആകെ അധികംനൽകിയദിവസങ്ങൾ = 6+6+7+15 = 34

ത.സ്വ.ഭ.വ. സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ട പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗരേഖ 29-10-15 തീയതിയിലെ സ.ഉ(സാധാ)നം.3217/15/ത.സ്വ.ഭ.വ. പ്രകാരം പരിഷ്കരിച്ചിരുന്നു. ടി ഉത്തരവിലെ 2(6)3 ഖണ്ഡികയിലെ 3ാം ഉപ ഖണ്ഡിക പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ടീമംഗങ്ങൾക്ക് (പരമാവധി 3 പേർ) നൽകാവുന്ന ഭക്ഷണച്ചെലവ് ഒരാൾക്ക് ഒരു ദിവസം പരമാവധി 60 രൂപ നിരക്കിൽ ആകെ 180 രൂപ മാത്രമാണ്. എന്നാൽ മേൽ പരാമർശിച്ച പ്രകാരം 2015-16 വർഷത്തിൽ 300 രൂപ നിരക്കിലാണ് ഭക്ഷണച്ചെലവ് നൽകിയിട്ടുള്ളതെന്ന് കാണുന്നു. സർക്കാർ ഉത്തരവ് കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4/15 മുതൽ 10/15 വരെ ഹോംകെയർ നടത്തിയ ദിവസങ്ങൾ = 48

11/15 മുതൽ 3/16 വരെ ഹോംകെയർ നടത്തിയ ദിവസങ്ങൾ = <u>34</u>
ആകെ 82 ദിവസം

300/- രൂപ പ്രകാരം അർഹമായ തുക – 24,600/- രൂപ

നൽകിയ തുക = 34,800 രൂപ

അധികം നൽകിയത് = 34,800 – 24,600 = 10,200 രൂപ

അധികം നൽകിയ തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 <u>മാനസികാരോഗ്യ പരിരക്ഷ - വാഹന വാടക ഇനത്തിൽ അധികം തുക നൽകി</u>

പ്രൊജക്ട് : "പരിരക്ഷാ പാലിയേറ്റീവ് കെയർ"

പ്രൊജക്ട് നമ്പർ : SOO 47/16

ഫണ്ട് : വികസന ഫണ്ട്(ജനറൽ)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(ആരോഗ്യം)

മേൽ പ്രൊജക്ട് പ്രകാരം തൻ വർഷത്തിൽ 104 ദിവസം വാഹനം ഓടിയതിന്റെ വാടക ഇനത്തിൽ 1,04,000 രൂപയും (@1000/month) ഗുണഭോക്താക്കൾക്ക് ഭക്ഷണച്ചെലവ് ഇനത്തിൽ 52,000 രൂപയും 2015-16 വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട് (Try.Bill Nos.6,10,13,18). ടി തുകകൾ മേൽ ആവശ്യത്തിനായി ഉപയോഗിച്ച സ്വകാര്യ വാഹനത്തിന്റെ (No.KL 5A 9804) ഉടമസ്ഥനും ഹോട്ടൽ ഉടമസ്ഥനും പണമായിട്ടാണ് നൽകിയിട്ടുള്ളത്.

മാനസിക പരിരക്ഷാ പ്രൊജക്ട് പ്രകാരം തൻ വർഷത്തിൽ 16 ഗുണഭോക്താക്കളെ ഗ്രാമ പഞ്ചായത്തിലെ വൃദ്ധസദനത്തിൽ വാഹനത്തിൽ എത്തിക്കുന്നതിന് വേണ്ടിയാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്. ടി പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന് മുമ്പാകെ ഹാജരാക്കിയ ഹാജർ പുസ്തകം പരിശോധിച്ചതിൽ തൻ വർഷത്തിൽ 4/15 മുതൽ 3/16 വരെ ആകെ 98 ദിവസങ്ങൾ മാത്രമാണ് മേൽ സ്ഥാപനത്തിൽ ഗുണഭോക്താക്കൾ ഹാജരായിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ അത്രയും ദിവസങ്ങൾക്ക് മാത്രമേ വാഹന വാടകയും ഭക്ഷണച്ചെലവും നൽകാവൂ എന്നിരിക്കെ 7 ദിവസങ്ങൾക്ക് അധികമായി അവ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ, തീയതി | നൽകിയ തുക | തുക നൽകിയ ദിവസങ്ങൾ | യഥാർത്ഥ സന്ദർശന ദിവസങ്ങൾ | തുക നൽകിയതിൽ സന്ദർശനം നടത്താത്ത ദിവസങ്ങൾ | സന്ദർശനം നടത്തിയെങ്കിലും തുക നൽകാത്ത ദിവസങ്ങൾ | വാടക അധികമായി നൽകിയ ദിവസങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 6/15-16, 30-7-15 | 39,000 രൂപ | 4-4-15,7-4-15,<br>11-4-15,<br>13-4-15,<br>18-4-15,<br>21-4-15,<br>25-4-15,<br>28-15<br>ആകെ= 8ദിവസങ്ങൾ | 4-4-15,7-4-15,<br>11-4-15,18-4-15,<br>21-4-15, 25-4-15,<br>28-4-15<br>ആകെ= 7ദിവസങ്ങൾ | 13-4-15 | ഇല്ല | 1 |
| | | 2-5-15,<br>5-5-15,<br>9-5-15,<br>12-5-15,<br>16-5-15,<br>19-5-15,<br>23-5-15,<br>26-5-15,<br>30-3-15<br>ആകെ= 9ദിവസങ്ങൾ | 2-5-15,5-5-15,<br>9-5-15, 12-5-15,<br>16-5-15, 19-5-15,<br>23-5-15,26-5-15,<br>30-5-15<br>ആകെ= 9ദിവസങ്ങൾ | - | ഇല്ല | |
| | | 2-6-15,<br>6-6-15,<br>9-6-15,<br>13-6-15,<br>16-6-15,<br>20-6-15,<br>23-6-15,<br>27-6-15,<br>30-6-15<br>ആകെ= 9ദിവസങ്ങൾ | 2-6-15, 6-6-15,<br>9-6-15, 13-6-15,<br>16-6-15, 20-6-15,<br>23-6-15,27-6-15,<br>30-6-15<br>ആകെ= 9ദിവസങ്ങൾ | - | ഇല്ല | |
| 10/15-16, 29-10-15 | 39,000 രൂപ | 2-7-15,<br>4-7-15,7-7-15,<br>11-7-15,<br>14-7-15,<br>17-7-15,<br>21-7-15,<br>25-7-15<br>ആകെ= 8ദിവസങ്ങൾ | 4-7-15, 7-7-15,<br>11-7-15,14-7-15,<br>21-7-15, 25-7-15,<br>28-7-15<br>ആകെ= 7ദിവസങ്ങൾ | 2-7-15, 17-7-15,<br>ആകെ = 2 ദിവസങ്ങൾ | 28-7-15 | 1<br>1 |
| | | 1-8-15,<br>4-8-15,<br>8-8-15,<br>11-8-15,<br>13-8-15,<br>18-8-15,<br>22-8-15,<br>25-8-15<br>ആകെ= 8ദിവസങ്ങൾ | 1-8-15, 4-8-15,<br>8-8-15-11-8-15,<br>13-8-15, 18-8-15,<br>22-8-15, 25-8-15<br>ആകെ= 8ദിവസങ്ങൾ | - | - | |
| | | 3-9-15,<br>5-9-15,<br>10-9-15,<br>12-9-15, | 1-9-15,4-9-15,<br>8-9-15, 12-9-15,<br>15-9-15, 19-9-15<br>,22-9-15,26-9-15, | 3-9-15, 5-9-15,<br>10-9-15, 17-9-15<br>ആകെ= 4 ദിവസങ്ങൾ | 1-9-15, 4-9-15,<br>8-9-15, 15-9-15<br>,22-9-15<br>ആകെ= 5 | |

| | | | | | | |
|---|---|---|---|---|---|---|
| | | 17-9-15,<br>19-9-15,<br>26-9-15<br>,29-9-15<br>ആകെ=<br>8ദിവസങ്ങൾ | 29-9-15<br>ആകെ=<br>9ദിവസങ്ങൾ | | ദിവസങ്ങൾ | |
| 13/15-16,<br>27-1-16 | 39,000<br>രൂപ | 1-10-15,<br>3-10-15,<br>8-10-15,<br>10-10-15,<br>15-10-15,<br>17-10-15,<br>29-10-15,<br>31-10-15<br>ആകെ=<br>8ദിവസങ്ങൾ | 3-10-15, 6-10-15,<br>10-10-15,13-10-15,<br>17-10-15,<br>20-10-15,<br>27-10-15,31-10-15<br>ആകെ=<br>8ദിവസങ്ങൾ | 1-10-15, 8-10-15,<br>15-10-15,<br>29-10-15<br>ആകെ =4<br>ദിവസങ്ങൾ | 6-10-15<br>13-10-15<br>20-10-15<br>27-10-15<br>= 4 | 4 |
| | | 5-11-15,<br>7-11-15,<br>12-11-15,<br>14-11-15,<br>19-11-15,<br>21-11-15,<br>26-11-15,<br>28-11-15<br>ആകെ=<br>8ദിവസങ്ങൾ | 3-11-15, 7-11-15,<br>9-11-15, 13-11-15,<br>17-11-15, 21-11-15,<br>24-11-15,28-11-15<br>ആകെ=<br>8ദിവസങ്ങൾ | 5-11-15,12-11-15,<br>14-11-15,19-11-15,<br>26-11-15<br>ആകെ=<br>5ദിവസങ്ങൾ | 3-11-15<br>9-11-15<br>13-11-15<br>17-11-15<br>24-11-15<br>= 5 | |
| | | 3-12-15,<br>5-12-15,<br>10-12-15,<br>12-12-15,<br>17-12-15,<br>19-12-15,<br>26-12-15,<br>31-12-15<br>ആകെ=<br>8ദിവസങ്ങൾ | 1-12-15, 5-12-15,<br>8-12-15,12-12-15,<br>15-12-15,<br>19-12-15,<br>22-12-15<br>,26-12-15<br>ആകെ=<br>8ദിവസങ്ങൾ | 3-12-15,<br>10-12-15,<br>17-12-15,31-12-15<br>ആകെ=<br>4ദിവസങ്ങൾ | 1-12-15<br>8-12-15<br>15-12-15<br>22-12-15<br>= 4 | |
| 18/15-16,<br>29-3-16 | 45,000രൂപ | 7-1-16, 9-1-16,<br>14-1-16,<br>16-1-16,<br>21-1-16,<br>23-1-16,<br>28-1-16,<br>30-1-16<br>ആകെ 8<br>ദിവസങ്ങൾ | 2-1-16, 5-1-16,<br>9-1-16, 1 2-1-16,<br>16-1-16,19-1-16,<br>23-1-16,28-1-16<br>ആകെ 8<br>ദിവസങ്ങൾ | 7-1-16,14-1-16,<br>21-1-16,30-1-16<br>ആകെ 4<br>ദിവസങ്ങൾ | 2-1-16<br>5-1-16<br>12-1-16<br>19-1-16<br>ആകെ 4<br>ദിവസങ്ങൾ | 6 |
| | | 4-2-16,<br>6-2-16,<br>11-2-16,<br>13-2-16,<br>18-2-16,<br>20-2-16,<br>25-2-16,<br>27-2-16<br>ആകെ 8<br>ദിവസങ്ങൾ | 2-2-16, 6-2-16,<br>9-2-16, 13-2-16,<br>16-2-16, 20-2-16,<br>23-2-16,27-2-16<br>ആകെ 8<br>ദിവസങ്ങൾ | 4-2-16,11-2-16,<br>18-2-16,25-2-16<br>ആകെ<br>4ദിവസങ്ങൾ | 2-2-16<br>9-2-16<br>16-2-16<br>23-2-16<br>ആകെ 4<br>ദിവസങ്ങൾ | |
| | | 3-3-16,<br>5-3-16,<br>10-3-16,<br>12-3-16, | 1-3-16, 5-3-16,<br>8-3-16, 12-3-16,<br>15-3-16, 19-3-16,<br>22,-3-16,26-3-16 | 3-3-16,10-3-16,<br>17-3-16,23-3-16<br>ആകെ 4 | 1-3-16<br>8-3-16<br>15-3-16<br>22-3-16 | |

| | | | | | |
|---|---|---|---|---|---|
| | 17-3-16,<br>19-3-16,<br>23-3-16,<br>26-3-16<br>ആകെ 8 ദിവസങ്ങൾ | ആകെ 8 ദിവസങ്ങൾ | ദിവസങ്ങൾ | = 4<br>ഇല്ല | |
| | 2-5-15,<br>28-7-15,<br>31-8-15,<br>23-9-15,<br>21-10-15,<br>23-12-15,<br>ആകെ 6 ദിവസങ്ങൾ | ഇല്ല | 2-5-15 ( R),<br>28-7-15<br>31-8-15,23-9-15,<br>21-10-15,23-12-15<br>ആകെ 6 ദിവസങ്ങൾ | ഇല്ല | |

യഥാർത്ഥത്തിൽ സന്ദർശനം നടത്തിയ ദിവസങ്ങൾ = 97

തുക നൽകിയ ദിവസങ്ങൾ = 104

അധികം നൽകിയത് = 7 ദിവസങ്ങൾ

അധികം നൽകിയ തുക

വാഹന വാടക = 7 x1000 = 7,000 രൂപ

ഭക്ഷണച്ചെലവ് = 7x500 = 3,500 രൂപ

ഇപ്രകാരം ആകെ അധികം നൽകിയ 10,500 രൂപ, ബന്ധപ്പെട്ട രേഖകൾ പരിശോധിക്കാതെ തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

## ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100,000 | പ്രൊജക്ട് നം. 137/16<br>ആരോഗ്യ പരിരക്ഷ - പെയിൻ ആൻറ് പാലിയേറ്റീവ് | 100,000 | ഇല്ല |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | അമ്പാൽ -കുറിഞ്ഞാക്കുന്ന് കുടിവെള്ള പദ്ധതി- വൈദ്യുതി ലൈൻ ഇരട്ടിപ്പിക്കൽ | വൗച്ചർ നമ്പര് 1852000 | 100375 | 100375 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാണ്(07.06.2016) | ഇല്ല. |
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ | വൗച്ചർ നമ്പര് 01984 | 353396 | - | . | - |
| കേരള | ഇരിമ്പിളിയം | ബിൽ നമ്പര് | 353396 | - | . | - |

| | | | | | | | |
|---|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | -വളാഞ്ചേരി ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി | 01985 | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 250 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | ഓഡിറ്റ് എൻക്വയറി നമ്പർ 10 | 250 | ശ്രീ.മുനാവർ കെ ബി എൽ പി എസ് എ ഇരിമ്പിളിയം എച്ച് എ എൽ പി എസ് | 11502100744 തിയതി 20.05.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2(20) | 2006-07 | 3.71.8 | വൗച്ചറുകൾ ഹാജരാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | 2(46) | | 3.71.4 | ഭവന പദ്ധതി ഡിപ്പോസിററ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 332,49,770 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 427,02,405 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57,700 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,11,225 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | | 15,000 | ശ്രീ. കെ വി ബിനോയ് കൃഷി ഓഫീസർ |

| | | | |
|---|---|---|---|
| 3-11 | | 22,000 | ഡോ. പിഷാരടി അനിൽ നാരായണൻ, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 3-12 | | 10,200 | ഡോ. പിഷാരടി അനിൽ നാരായണൻ, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 3-13 | | 10,500 | ഡോ. പിഷാരടി അനിൽ നാരായണൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| ആകെ | | 57,700 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(4) | 1,65,000 | അംബിക.പൊറ്റേക്കാട്ട്, ഹെഡ്മിസ്ട്രസ് |
| 3(5) | 20,60,000 | ശ്രീ.സക്കീർ ഹുസൈൻ കെ.കെ (സെക്രട്ടറി ഇൻ ചാർജ്) - 9,10,000/- |
| | | ശ്രീ.സുനിൽകുമാർ. കെ.പി, സെക്രട്ടറി – 11,50,000/- |
| 3(6) | 86,225 | ശ്രീ.സക്കീർ ഹുസൈൻ കെ.കെ (സെക്രട്ടറി ഇൻ ചാർജ്) |
| 3(7) | 6,00,000 | ശ്രീ.സക്കീർ ഹുസൈൻ കെ.കെ (സെക്രട്ടറി ഇൻ ചാർജ്) |
| ആകെ | 29,11,225 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. കെ വി ബിനോയ്, കോയിപ്രം പഞ്ചായത്ത്, പത്തനംതിട്ട | കോമളവിലാസം , നെടുമ്പന പി ഒ കൊല്ലം |
| മെഡിക്കൽ ഓഫീസർ , പി എച്ച് സി | ഡോ. പിഷാരടി അനിൽ നാരായണൻ, തിരുനാവായ പഞ്ചായത്ത് | C11-61, കാവിലക്കാട് , പുറത്തൂർ പി ഒ ,മലപ്പുറം-676102 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | എൽ.എഫ്.എം.13/714 / 14<br>തിയ്യതി6-6-201 | 1 |
| 1997-98 (വരവ്) | എൽ.എഫ്.എം.9/902/09<br>തിയ്യതി 2-6-2010 | 2 |
| 97-98<br>ചെലവ് | എൽ.എഫ്.എം9/1253/06<br>18-10-2006 | 27 |
| 98-99<br>ചെലവ് | എൽ.എഫ്.എം12/844/05<br>തിയ്യതി 23-8-06 | 34 |
| 1999-00<br>(ചെലവ്) | എൽ.എഫ്.എം.12/ 858/ 05 31.01.2006 | 57 |
| 1999-00 (വരവ്) | എൽ.എഫ്.എം.9/ 2146/ 07 08.05.2008 | 3 |
| 2000-01 | എൽ.എഫ്.എം.12/ 972/ 05 02.12.2005 | |
| 2000-01 | എൽ.എഫ്.എം.9/2147/ 07 08.05.2008 | |
| 2001-02<br>(ചെലവ്) | എൽ.എഫ്.എം.9/2148/ 05 12.05.2008 | 04 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.12/ 971/ 05 07.09.2005 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.എം.12/ 965/ 05 07.11.2005 | 15 |
| 2002-03(വരവ്) | എൽ.എഫ്.എം.9/ 2061/ 08 30.01.2012 | 05 |
| 2003-04 | എൽ.എഫ്.എം.13(17)/493/ 10 27.01.2012 | 17 |
| 2003-04 | എൽ.എഫ്.എം.9/2061/ 08 30.01.2012 | 14 |
| 2004-05 | എൽ.എഫ്.എം.13(17)/1346/ 01 30.01.2012 | 40 |
| 2005-06 | എൽ.എഫ്.എം.9/1583/ 09 12.03.2012 | 26 |
| 2006-07 | എൽ.എഫ്.എം.9/1584/ 09 30.01.2012 | 11 |
| 2007-08 2009-10 | എൽ.എഫ്.എം.13/1656/ 12 19.07.2012/ 15.09.2012 | 15 |
| 2010-11 | എൽ.എഫ്.എം.13/1018/13 22.06.2013 | 12 |
| 2011-12,<br>2012-13 | എൽ.എഫ്.എം13/1201/15/23.06.15 | 18 |
| 2013-14,<br>2014-15 | നം.കെ.എസ്.എ.എം.പി.എം.13/1626/2013 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

## <u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ എസ് എ എം പി എം.13/3026/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി .13-12-2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ **2015-16** വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

<u>അനുബന്ധം-**2**</u>

## AUDIT CERTIFICATE

No.KSA/MPM13/3026/16

Kerala State Audit Department
District office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 13-12-2016

Certified that I have audited the Annual Financial Statement of **Irimbiliyam** Grama panchayath in Malappuram District of the year ended on **31.3.2016** in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of **Irimbiliyam** Grama panchayath for the year **2015-16** except the observations in My audit report properly presents the picture of income and expenditure.

Deputy Director

District Audit Office

Malappuram